**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5946** **19.11.2019-ൽ മറുപടിക്ക്**

## എൽ.ഇ.ഡി. എനർജി എഫിഷ്യൻസി ഉപകരണങ്ങൾ

| | ചോദ്യം<br>ശ്രീ. സജി ചെറിയാൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ഉല്പാദന രംഗത്ത് കൂടുതൽ മുതൽ മുടക്കുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് പകരം എൽ. ഇ. ഡി. എനർജി എഫിഷ്യൻസി ഉപകരണങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്.<br>ഊർജ്ജക്ഷമതയും ഊർജ്ജസംരക്ഷണവും ഉറപ്പ വരുത്തുന്നതിന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>ഉപഭോക്താക്കൾക്കു കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന DELP (ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകം തന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.<br>കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെയും എനർജി മാനേജ്മെൻറ് സെന്റർ കേരളയുടെയും പങ്കാളിത്തത്തോടെ കേരള സർക്കാർ രൂപം കൊടുത്ത ഒരു കർമ്മപദ്ധതിയാണ് ഊർജ്ജ കേരള മിഷന്റെ ഭാഗമായ ഫിലമെൻറ് രഹിത കേരളം. സാധാരണ ഫിലമെൻറ് ബൾബുകൾക്കും സി.എഫ്.എൽ-കൾക്കും പകരം ഊർജ്ജക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി ബൾബുകൾ വ്യാപിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്കും കുറഞ്ഞ വിലയിൽ 9 വാട്ടിന്റെ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നുണ്ട്. പരമാവധി ഒരു ഉപഭോക്താവിന് 20 എൽ.ഇ.ഡി ബൾബുകൾ വരെ ഈ പദ്ധതി വഴി ലഭ്യമാക്കാവുന്നതാണ്. ഇതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകര |
| (ബി) | ഇത്തരത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | | |

ണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷന് ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിൽ തിരൂർ ഈസ്റ്റ് ഇലക്ട്രിക് സെക്ഷന്റെ പരിധിയിലുള്ള തിരൂർ മാർക്കറ്റ് റോഡിലും പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുമുള്ള ഉപഭോക്താക്കൾക്ക് എച്ച്.വി.ഡി.എസ് മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണ പദ്ധതിയും പൂർത്തീകരിച്ചു. പാലക്കാട് സുൽത്താൻ പേട്ടയിലും HVDS പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു. കൂടാതെ സബ്സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ വി സബ്സ്റ്റേഷന്റെ ജോലികൾ പൂർത്തീകരിച്ചു.

<u>ഊർജ്ജ കാര്യക്ഷമമായ തെരുവ് വിളക്ക് സംവിധാനം</u>

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ തെരുവ് വിളക്കുകളെ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയതും ദീർഘനാൾ പ്രവർത്തിക്കുന്നതുമായ എൽ.ഇ.ഡി അധിഷ്ഠിത തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി, സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (എസ്.എൽ.എൻ.പി) എന്ന പേരിൽ ഇന്ത്യയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലും എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഊർജ്ജ കാര്യക്ഷമമായ ഗ്രാമം</u>

ഒരു ഗ്രാമം മുഴുവൻ ഊർജ്ജ കാര്യക്ഷമതയുള്ളതാക്കി മാറ്റുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഇത് നടപ്പിലാക്കാൻ ആവശ്യമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യ ത്തെക്കുറിച്ചും പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കുക.
- എല്ലാ വീടുകളിലും കാര്യക്ഷമമല്ലാത്ത ലൈറ്റുകൾ

| | | | |
|---|---|---|---|
| | | | മാറ്റി ഊർജ്ജ കാര്യക്ഷമമായ എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുക.<br>• പൊതുമേഖല സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും കാര്യക്ഷമമല്ലാത്ത ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമമായ എൽ.ഇ.ഡി ബൾബുകളും 5 സ്റ്റാർ റേറ്റുചെയ്ത ഫാനുകളും ഉപയോഗിക്കുക.<br>• കാര്യക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് പകരം ഊർജ്ജ കാര്യക്ഷമമായ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുക.<br>• എല്ലാ സർക്കാർ,പൊതുമേഖല കെട്ടിടങ്ങളിലും സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക.<br>പഞ്ചായത്തുകളെ ഇത്തരത്തിൽ എനർജി എഫിഷ്യന്റ് ആക്കിയിട്ടുണ്ട്.<br><u>ഊർജ്ജ മിത്ര</u><br>അനെർട്ടിന്റെ അക്ഷയ ഊർജ്ജ സംരംഭകരായ ഉർജ്ജമിത്ര പ്രതിനിധികളുടേയും ഇ.ഇ.എസ്.എൽ-ന്റെയും സഹായത്തോടെ എല്ലാ നിയോജക മണ്ഡലത്തിലും സ്റ്റാർ റേറ്റഡ് ഉപകരണങ്ങൾ ലഭ്യമാക്കുവാൻ ഇ.എം.സി പദ്ധതിയിടുന്നുണ്ട്. ഇതിലൂടെ കുറഞ്ഞ വിലയ്ക്ക് ഉയർന്ന ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ എല്ലാവർക്കും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>493 സ്കൂളുകളെ ഊർജ്ജകാര്യക്ഷമതയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ നൽകി സ്വയം പര്യാപ്തതയിൽ എത്തിച്ചു. ഇതുവഴി 3,53,484 യൂണിറ്റ് വൈദ്യുതി പ്രതിവർഷം സംരക്ഷിക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ